കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂൺ 25, ബുധൻ

വാല്യം 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2003 ജൂൺ മാസം 25-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ചോദ്യം നമ്പർ 211

ഓൺലൈൻ ലോട്ടറി

1 (*211) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ഓൺലൈൻ' ലോട്ടറികളുടെ പ്രചാരം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗ്യക്കുറിവില്പനയിൽ ഗണ്യമായ കുറവു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിനായി നിലവിലുള്ള സമ്മാനഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) മറ്റ് സംസ്ഥാനങ്ങൾ നടത്തുന്ന ഓൺലൈൻ ലോട്ടറികളെക്കുറിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ) ഉണ്ട്.

(ബി) നേരിയ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള ലോട്ടറികളുടെ സമ്മാനഘടനയ്ക്കു പുറമേ 10 രൂപ മുഖവിലയോടുകൂടിയതും 20 ലക്ഷം രൂപ ഒന്നാം സമ്മാനവും, 1,23,743 സമ്മാനങ്ങൾ വാഗ്ദാനം ചെയ്യുന്നതും, 25 ലക്ഷം രൂപ അറ്റാദായം പ്രതീക്ഷിക്കുന്നതുമായ ചൈതന്യ എന്ന പ്രതിവാര ഭാഗ്യക്കുറി കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു കോടി രൂപ ഒന്നാം സമ്മാനം വാഗ്ദാനം ചെയ്യുന്നതും ഏകദേശം ഒരു കോടി രൂപയുടെ അറ്റാദായം ലഭിക്കുന്നതുമായ ഓണം ബംബർ ഭാഗ്യക്കുറിയുടെ ടിക്കറ്റ് വിൽപ്പന 7-08-2003-ൽ ആരംഭിക്കുന്നതാണ്. കൂടാതെ കേരള സംസ്ഥാന സർക്കാർ ഓൺലൈൻ ലോട്ടറി ആരംഭിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഓൺലൈൻ ലോട്ടറി സംസ്ഥാനത്ത് ആരംഭിച്ചതു മുതൽ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ ടിക്കറ്റ് വിൽപ്പന ഗണ്യമായി കുറയുന്നു എന്നുള്ളത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. ഔട്ട്‌ലെറ്റുകൾ ആരംഭിക്കുവാനുള്ള പ്രാരംഭ മുതൽമുടക്ക് ഒന്നര ലക്ഷം രൂപയായതിനാൽ സാധാരണക്കാരായ കേരള ലോട്ടറി ഏജന്റുമാർക്ക് ഓൺലൈൻ ലോട്ടറിയുടെ വിൽപ്പനയിൽ പങ്കാളികളാകാൻ കഴിയുന്നില്ല. കൂടാതെ ഓൺലൈൻ ലോട്ടറിയുടെ വരവോടെ പണം അന്യസംസ്ഥാനങ്ങളിലേക്ക് പ്രവഹിക്കുന്നതായും സംസ്ഥാന ഖജനാവിലേക്കുള്ള വരുമാനത്തിൽ കുറവു വരുന്നതായും പരാതികൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. തമ്പാനൂർ രവി: സർ, ഓൺലൈൻ ലോട്ടറി ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനം ഗവൺമെന്റ് ആരംഭിച്ചു എന്നാണ് മന്ത്രിയുടെ മറുപടിയിൽ പറയുന്നത്. ഓൺലൈൻ ലോട്ടറി വന്നതോടുകൂടി നമ്മുടെ റവന്യൂ വരുമാനത്തിൽ കുറവുണ്ടെന്നും അങ്ങ് സമ്മതിക്കുന്നു. ഈ സാഹചര്യത്തിൽ കേരള ഗവൺമെന്റ് ഓൺലൈൻ ലോട്ടറി തുടങ്ങാനുള്ള പ്രോസസ് വളരെവേഗം ഡെവലപ്പ് ചെയ്യുകയും ഒരു സമയം നിശ്ചയിക്കുകയും അതോടൊപ്പം തന്നെ മറ്റു സംസ്ഥാനങ്ങളിലെ ഓൺലൈൻ ലോട്ടറി നിരോധിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ഓൺലൈൻ ലോട്ടറി വന്നതുകൊണ്ട് പേപ്പർ ലോട്ടറിയുടെ വില്പന കുറച്ചുകുറഞ്ഞിട്ടുണ്ട്. അത് സ്വാഭാവികമാണ്. എല്ലാ സംസ്ഥാനങ്ങളിലും ഓൺലൈൻ ലോട്ടറി വന്ന പശ്ചാത്തലത്തിൽ, കേരളത്തിൽ മറ്റു കമ്പനികൾ വന്ന് ഓൺലൈൻ ലോട്ടറികളുടെ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചതിന്റെ പശ്ചാത്തലത്തിൽ, കേരളത്തിന് നഷ്ടം വരുന്നതുകൊണ്ട് ഓൺലൈൻ ലോട്ടറി കേരളത്തിൽ കഴിയുന്നത്ര വേഗം നടപ്പാക്കണമെന്നുള്ളതാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിന് ക്യാബിനറ്റ് തീരുമാനവും എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി: സർ, ഒറ്റ നമ്പർ ലോട്ടറി, ഇൻസ്റ്റന്റ് ലോട്ടറി ഇവ സംസ്ഥാന ഗവൺമെന്റ് നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും അത് നിർബാധം തുടരുകയാണ്. രണ്ടക്ക ലോട്ടറി കൽക്കട്ടയിലും മദ്രാസിലും തിരുവനന്തപുരത്തും (കേരളത്തിൽ എല്ലായിടത്തും) വന്നിട്ടുണ്ട്. അത് ഒരു ദിവസം അരമണിക്കൂർ ഗ്യാപ്പിൽ 20 ഡ്രാ വരെ നടക്കുന്നു. അതിന്റെ ഫലമായി ധാരാളം സാധാരണക്കാരും പാവപ്പെട്ടവരും വഞ്ചിക്കപ്പെടുന്നുണ്ട്. രാവിലെ കടയിൽ കയറിയാൽ രാത്രിയിലേ ഇറങ്ങുന്നുള്ളൂ. പലരും പാവങ്ങളായി മാറുന്നു, പട്ടിണിക്കാരായി മാറുന്നു, പണക്കാരായും മാറുന്നു. അതുകൊണ്ട് ഈ രണ്ടക്ക ലോട്ടറി നിരോധിക്കാനുള്ള ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, രണ്ടക്ക ലോട്ടറി വളരെ നൂയിസൻസായിട്ടുണ്ട്. അത് ശരിയല്ല, അത് നിരോധിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. മത്തായി ചാക്കോ : സർ, സംസ്ഥാനത്ത് 33 ലക്ഷത്തോളം രജിസ്റ്റേർഡ് ലോട്ടറി ഏജന്റുമാരും രണ്ടര ലക്ഷത്തോളം രജിസ്റ്റർ ചെയ്യാത്ത ആളുകൾ ഉൾപ്പെടെ ഉള്ള ലോട്ടറി ഏജന്റുമാരുമുണ്ട്. ഇപ്പോൾ വന്നിരിക്കുന്ന ആശങ്ക, ഈ ലോട്ടറി സംവിധാനം തുടങ്ങിയതുമുതൽ, പി.കെ. കുഞ്ഞു സാഹിബ് ലോട്ടറി സംവിധാനം ആരംഭിച്ചതുമുതൽ ധനകാര്യ വകുപ്പാണ് ഈ സംവിധാനം നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ പുറത്തു പറഞ്ഞു കേൾക്കുന്നത് ഐ.ടി.യും ഓൺലൈൻ ലോട്ടറിയുമെല്ലാം വരുന്നതോടുകൂടി വ്യവസായ വകുപ്പിലേയ്ക്ക്, ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ടുമെന്റിലേയ്ക്ക് ലോട്ടറി നടത്തിപ്പ് മാറ്റുമെന്നും അതുവഴി സ്വകാര്യ മേഖലയിലേയ്ക്ക് ഇതിന്റെ നടത്തിപ്പ് കൊണ്ടുപോകുമെന്നുമാണ്. ഈ ആശങ്ക പൊതുവിൽ ഉയർന്നു വന്നിട്ടുണ്ട്. അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ ; ഈ രണ്ടു വകുപ്പുകൾ തമ്മിൽ ഇതു സംബന്ധിച്ച് ചർച്ച നടന്നിട്ടുണ്ടോ എന്നുള്ള കാര്യം വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, പേപ്പർ ലോട്ടറി നിറുത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. ആ സംവിധാനം തുടർന്നുപോകും. ഓൺലൈൻ ലോട്ടറി എന്നു പറയുന്നത് മറ്റു സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ അഖിലേന്ത്യാ തലത്തിൽ ടെണ്ടർ വിളിച്ചുമാത്രമേ കൊടുക്കുകയുള്ളൂ. അത് ഗവൺമെന്റല്ല നടത്തുന്നത്, കർണ്ണാടകപോലുള്ള സംസ്ഥാനങ്ങളിൽ നടത്തുന്നതുപോലെ പ്രൈവറ്റ് സെക്ടറിലാണ് നടത്തുന്നത്. ഈ വകുപ്പ് എന്നു പറയുന്നത് ധനകാര്യ വകുപ്പിന്റെ കീഴിൽ ഇപ്പോൾ നിൽക്കുന്നതുപോലെ തന്നെയാണ്.

ശ്രീ. കെ. ബാബു : സർ, ഓൺലൈൻ ലോട്ടറി നമ്മുടെ സംസ്ഥാനത്ത് നിരോധിക്കാൻ നിയമപരമായി സാധിക്കില്ല എന്നാണ് മനസ്സിലാക്കുന്നത്. മറ്റു സംസ്ഥാനങ്ങളിലെ ഓൺലൈൻ ലോട്ടറി നമ്മുടെ സംസ്ഥാനത്ത് എല്ലായിടത്തും എല്ലാ ടൗണുകളിലും ഇന്ന് വളരെയേറെ ജനങ്ങളെ സ്വാധീനിക്കുന്നുമുണ്ട്. ഏകദേശം 100 കോടി രൂപയോളം ഒരു വർഷം ഈ ഇനത്തിൽ മറ്റു സംസ്ഥാനങ്ങളിൽ ലഭിക്കുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്. ആ സാഹചര്യത്തിൽ അടിയന്തിരമായി ഓൺലൈൻ ലോട്ടറി തുടങ്ങുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഏകദേശം 100 കോടി രൂപയോളം മറ്റു പല സംസ്ഥാനങ്ങൾക്കും കിട്ടുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് കേരളം മറ്റു സംസ്ഥാനങ്ങളിലുള്ളതുപോലെ ഇവിടെയും നടപ്പാക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ദാരിദ്ര്യം വർദ്ധിക്കുമ്പോൾ പണം എങ്ങനേയും കിട്ടാൻ വേണ്ടി മനുഷ്യൻ ദൈവത്തെ ആശ്രയിക്കാൻ പോകുകയും, അതുപോലെ തന്നെ ഭാഗ്യം പരീക്ഷിക്കാൻ പോകുകയും ചെയ്യുന്നു. പക്ഷേ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ വന്നിരിക്കുന്ന ഒരു ബുദ്ധിമുട്ട്, കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ടിക്കറ്റ് അടിച്ചാൽപ്പോലും, സമ്മാനം കിട്ടിയാൽ പൈസ കറക്ടായി കൊടുക്കാൻ കഴിയുന്നില്ല. ഞാൻ മനസ്സിലാക്കിയത് കേരള ലോട്ടറിയുടെ ഫസ്റ്റ് പ്രൈസ് കിട്ടിയ പലർക്കും ഇതുവരേയും പണം കൊടുത്തിട്ടില്ല എന്നാണ്. ആ കാര്യം ശരിയാണോ, എങ്കിൽ ആ തുകയെങ്കിലും കൊടുത്ത് ജനങ്ങളുടെ വിശ്വാസ്യത കൂടുതൽ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, കഷ്ടം വരുമ്പോൾ ദൈവഭക്തി കൂടും, അത് സാധാരണയാണ്. ഏപ്രിൽ അവസാനം വരെയുള്ള എല്ലാ പ്രൈസ് മണിയും കൊടുത്തിട്ടുണ്ട്. നേരത്തെ പ്രൈസ് മണി ബാക്കിയുണ്ടായിരുന്നു, പക്ഷേ ഇപ്പോൾ ഏപ്രിൽ വരെയുള്ളത് മുഴുവൻ കൊടുത്തിട്ടുണ്ട്. മേയ് മാസത്തേതു മാത്രമേ ഇനി കൊടുക്കാൻ ബാക്കിയുള്ളൂ. അതിന്റെ പ്രോസസ്സിംഗ് നടക്കുകയാണ്, അത് കൊടുക്കും. മുമ്പ് പ്രൈസ് മണി ബാക്കിയുണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിൽ കുറച്ച് ടിക്കറ്റ് വില്പന കുറയുകയും ചെയ്തിരുന്നു. എന്നിരുന്നാലും ഇപ്പോൾ പ്രൈസ് മണി ബാക്കി വച്ചിട്ടില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഇൻസ്റ്റന്റ് ലോട്ടറിയാണ് ഏറ്റവും ഗുരുതരമായ കാര്യം. മറ്റു പല സംസ്ഥാനങ്ങളിൽനിന്നും വന്ന 'ഭാഗ്യലക്ഷ്മി', 'ശുഭലക്ഷ്മി', 'മീര' തുടങ്ങി പല പേരുകളിൽ ലോട്ടറികൾ ഒരു ദിവസം അരമണിക്കൂർ ഇടവിട്ട് 15 നറുക്കെടുപ്പുകൾവരെ നടത്തുകയാണ്. കോടതി ഇൻസ്റ്റന്റ് ലോട്ടറിയേയും ഒറ്റ നമ്പർ ലോട്ടറിയേയും നിരോധിച്ചിട്ടുണ്ട്. പക്ഷേ കോടതിയെപ്പോലും തെറ്റിദ്ധരിപ്പിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായി ഇൻസ്റ്റന്റ് ലോട്ടറി നടത്തിക്കൊണ്ടിരിക്കുകയാണ്. വ്യാപകമായി നമ്മുടെ പാവപ്പെട്ട തൊഴിലാളികൾ അതിൽ അടിമകളായി ആത്മഹത്യാ മുനമ്പിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പോലീസ് ഉദ്യോഗസ്ഥന്മാരും അവരെ സഹായിക്കുന്നുണ്ട്. ഈ ഇൻസ്റ്റന്റ് ലോട്ടറി നിരോധിക്കാനും തടയാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അത് പരിശോധിച്ച് വേണ്ട നടപടികൾ ഉടൻ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കമ്പ്യൂട്ടർ ലോട്ടറി വന്നതിനുശേഷം കംപ്യൂട്ടറിൽ തെളിയുന്ന നമ്പറുകൾക്കാണ് സമ്മാനം പ്രഖ്യാപിക്കുന്നത്. ഈ മേഖലയിൽ വ്യാപകമായി കള്ളത്തരത്തിൽ ലോട്ടറി നടത്തുന്ന നിരവധി ആളുകൾ വന്നിരിക്കുകയാണ്. അവരുടെതന്നെ നിയന്ത്രണത്തിൽ അവരാണ് നമ്പർ പ്രഖ്യാപിക്കുന്നത്. ആ നിലയിൽ വ്യാപകമായുള്ള തട്ടിപ്പ്, സാധാരണ ജനങ്ങളെ പിഴിഞ്ഞൂറ്റിയെടുക്കുന്ന രൂപത്തിലുള്ള തട്ടിപ്പ്, ഈ മേഖലയിൽ ഉയർന്നുവന്നിട്ടുണ്ട്. ഇത് തടയുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇപ്പോൾ വന്ന സ്മാർട്ട് തുടങ്ങിയ ലോട്ടറികളൊക്കെ കംപ്യൂട്ടർ മുഖാന്തിരം തന്നെയാണ് നടത്തുന്നത്. ഇത് ലോകവ്യാപകമായി നടത്തുന്ന സംവിധാനമാണ്. അതിൽ എത്രത്തോളം തട്ടിപ്പുണ്ടെന്നുള്ളത് നിശ്ചയമില്ല. തട്ടിപ്പുണ്ടെന്നുള്ളത് അറിഞ്ഞാൽ തീർച്ചയായും നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇന്ന് നഗരങ്ങളിൽ ആൾക്കൂട്ടം കാണുന്നത് രണ്ടു സ്ഥലങ്ങളിലാണ്. ഒന്ന്, ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റിലും രണ്ട്, ഓൺലൈൻ ലോട്ടറിയുടെ മുമ്പിലും. അത്രയേറെ ഇത് ജനപ്രചാരം നേടിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഇന്ന് നിലവിലുള്ള കംപ്യൂട്ടർ ലോട്ടറികളുമായി ബന്ധപ്പെട്ട് പതിനായിരങ്ങൾ ജീവിക്കുന്ന ഒരു സംസ്ഥാനമാണിതെന്ന് പറഞ്ഞു. സർക്കാർ ഓൺലൈൻ ലോട്ടറി ആരംഭിക്കുമ്പോൾ അവരെക്കൂടി ഇതുമായി ബന്ധപ്പെടുത്താനുള്ള നടപടിയെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, പേപ്പർ ലോട്ടറിയിൽ കുറേക്കൂടി കൂടുതൽ സ്ഥലം നിശ്ചയിച്ച്, പ്രൈസ് മണി നിശ്ചയിച്ച്, കൂടുതൽ നമ്പറുകൾ കൂട്ടണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ കമ്പ്യൂട്ടർ ലോട്ടറിയുമായി ബന്ധപ്പെട്ടിട്ടുള്ള ആളുകൾക്ക് ബുദ്ധിമുട്ട് വരാതെ കഴിയാൻ സാധിക്കും.

ശ്രീ. എ. കെ. ബാലൻ : സർ, എന്റെ ഒരു ചോദ്യത്തിന് ഉത്തരമായി 18-6-2003-ൽ 2000-2001-ൽ ലോട്ടറിയിൽ നിന്നുള്ള ലാഭം 26 കോടി 79 ലക്ഷം രൂപയാണെന്നു പറഞ്ഞു. 2002-03-ൽ 13 കോടി 40 ലക്ഷം രൂപ എന്നാണ് പറഞ്ഞത്. നേരെ പകുതിയായി നമ്മുടെ റവന്യൂ വരുമാനവും ലാഭവും കുറയുകയാണുണ്ടായത്. ഇതിനുള്ള പ്രധാനകാരണം നേരത്തെ ഇവിടെ സൂചിപ്പിച്ചതു തന്നെയാണ്. ഈ മേഖലകളുമായി ബന്ധപ്പെട്ടുകൊണ്ട് രണ്ടര ലക്ഷത്തിൽ കൂടുതൽ ആളുകൾ ജോലി ചെയ്യുന്നുണ്ട്. തൊഴിലില്ലായ്മ രൂക്ഷമാകുമ്പോഴാണ് പാവപ്പെട്ട ആളുകൾ ഇത്തരം ലോട്ടറി വിൽപ്പന രംഗത്തേയ്ക്കുവരുന്നത്. വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയതും ആളുകളെ ഈ രംഗത്തേയ്ക്കു വരാൻ പ്രേരിപ്പിക്കുന്നുണ്ട്. പാവപ്പെട്ട രണ്ടര ലക്ഷത്തോളം വരുന്ന ലോട്ടറി വിൽപ്പനക്കാർക്ക് ഒരു ക്ഷേമ പദ്ധതി ഏർപ്പെടുത്തുന്നതിനു ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല.

ശ്രീ. വർക്കല കഹാർ : സർ, Physically handicapped ആയ ഒത്തിരി ആളുകൾ ഇതിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ട് നിൽക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് ഓൺലൈൻ ലോട്ടറി ആരംഭിക്കാൻ പോകുന്നു എന്നു പറഞ്ഞു. ഏജൻസിയെ സെലക്ടു ചെയ്യുമ്പോൾ ഇവർക്ക് പ്രയോറിറ്റി നൽകുന്നതിനു പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, Online lotteries are entirely different from this. ഓൺലൈൻ ലോട്ടറിയിൽ നമ്മൾ ചെയ്യാൻ പോകുന്നത് മറ്റു സംസ്ഥാനങ്ങളിൽ ചെയ്തതുപോലെ അഖിലേന്ത്യാ തലത്തിൽ ടെന്റർ വിളിച്ച് ഗവൺമെന്റിന് എത്ര രൂപ വേണമെന്നു ആദ്യം നിശ്ചയിച്ചു കൊടുക്കുന്നതാണ്. അതിന്റെ ഔട്ട് ലെറ്റ് നിശ്ചയിക്കുന്നത് അവരായിരിക്കും.

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങ് ഓൺലൈൻ ലോട്ടറി പദ്ധതി അഖിലേന്ത്യാ അടിസ്ഥാനത്തിൽ ടെന്റർ ചെയ്തുകൊണ്ട്, സ്വകാര്യ ഏജൻസികളെ ഏല്പിക്കുമെന്നു വ്യക്തമാക്കുകയുണ്ടായി. സിക്കിം, കർണ്ണാടക സർക്കാറുകൾ നിലവിലുള്ള ലോട്ടറി നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പ്ലേവിൻ എന്നു പറയുന്ന ഓൺലൈൻ പദ്ധതി ലോട്ടറി വകുപ്പിന്റെ കീഴിലുള്ള ഒരു ഡിപ്പാർട്ടുമെന്റ് ആക്കിയിട്ടാണ് നടത്തുന്നത്. ലോട്ടറി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഒരു സ്ഥാപനമാക്കി (ബോർഡോ കോർപ്പറേഷനോ പോലെയുള്ള ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സ്ഥാപനമാക്കി) നടപ്പാക്കാൻ നിയമ ഭേദഗതി കൊണ്ടു വരാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഓൺലൈൻ ലോട്ടറി നടപ്പാക്കണമെങ്കിൽ ഇന്നുള്ള നിയമത്തിൽ കുറച്ചു ഭേദഗതികൾ വരുത്തേണ്ടതായിട്ടുണ്ട്. മാറ്റങ്ങൾ വരുത്താൻ വേണ്ടി ലാ ഡിപ്പാർട്ടുമെന്റിന് അയച്ചിട്ടുണ്ട്. പ്ലേവിന്നും സ്മാർട്ടും ഫോർച്യൂണുമൊക്കെ നടത്തുന്നത് ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ആണെന്നു മാത്രമേയുള്ളൂ. ഗവൺമെന്റല്ല നടത്തുന്നത്.

ശ്രീ. പി. ടി. തോമസ് : സർ, ഒറ്റ നമ്പർ ലോട്ടറി ഇന്നു വ്യാപകമായി നടക്കുകയാണ്. ഈ ഒറ്റ നമ്പർ ലോട്ടറി വിൽക്കുന്നതിനുവേണ്ടി മിസോറാമിന്റേയോ മേഘാലയയുടേയോ ടിക്കറ്റു വിൽക്കാൻ തടസ്സമുണ്ടോ എന്നു ചോദിച്ചുകൊണ്ട് ഹൈക്കോടതിയിൽ ഒരു ഒ. പി. ഫയൽ ചെയ്യും! അപ്പോൾ ഇതു 'തടസ്സപ്പെടുത്തരുത്' എന്നു പറഞ്ഞുക്കൊണ്ട് ഹൈക്കോടതിയുടെ വിധി വരും. ഇതു ഫോട്ടോസ്റ്റാറ്റ് കോപ്പി എടുത്ത് കേരളത്തിൽ മുഴുവൻ കൊണ്ടു നടന്നു കാണിച്ചിട്ട്, ഇതു നടത്താൻ ഞങ്ങൾക്ക് അധികാരം ഉണ്ടെന്നു പറയുകയാണ് ചെയ്യുന്നത്. ഉദ്യോഗസ്ഥൻമാരുടെ മൗനാനുവാദത്തോടുകൂടിയാണ് ഇതു ചെയ്യുന്നത്. ഈ ഒറ്റ നമ്പർ ലോട്ടറി തടയാൻ കർക്കശമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഒറ്റ നമ്പർ ലോട്ടറി നമ്മൾ അംഗീകരിച്ചിട്ടുമില്ല, സ്വീകരിച്ചിട്ടുമില്ല. നമ്മൾ അതിന് എതിരാണെന്നു പോലീസ് ഡിപ്പാർട്ടുമെന്റിനോടും പറഞ്ഞിട്ടുണ്ട്. കർക്കശമായി ഇതു തടയുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറിക്കാർ വ്യാപകമായതോടുകൂടി മൂന്നര ലക്ഷത്തോളം വരുന്ന പേപ്പർ ലോട്ടറി വിൽക്കുന്ന തൊഴിലാളികൾ തൊഴിൽരഹിതരാകുമെന്നുള്ള ഭീഷണി നിലനിൽക്കുകയാണ്. 1998-ലെ ലോട്ടറി റെഗുലേറ്ററി ആക്ട് അനുസരിച്ച് സംസ്ഥാനത്ത് ലോട്ടറി വിൽക്കാൻ ലൈസൻസ് എടുക്കണമെന്ന് വ്യവസ്ഥയുണ്ട്. അങ്ങനെ ലൈസൻസ് ഒന്നും എടുക്കാതെയാണ് ഓൺ ലൈൻ ലോട്ടറിയുടെ വിൽപ്പന ഈ സംസ്ഥാനത്ത് നടക്കുന്നത് എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ലോട്ടറീസ് ഡയറക്ടർ തന്നെ ഇതു സംബന്ധിച്ച് പരസ്യമായി അഭിപ്രായ പ്രകടനം നടത്തിയതായി അറിവായിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഓൺലൈൻ ലോട്ടറി ഇവിടെ നടത്തുന്നതും മറ്റു സംസ്ഥാനങ്ങളിൽ നടത്തുന്നതും സംസ്ഥാന ഗവൺമെന്റിന്റെ അറിവോടും സമ്മതത്തോടുമാണ്. കഴിഞ്ഞ വർഷം ഓൺലൈൻ ലോട്ടറിയിൽ നിന്നും 66 ലക്ഷം രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. മോഹൻ കുമാർ : സർ, ഓൺലൈൻ ലോട്ടറി വ്യാപകമായതോടുകൂടി തന്നെ സമ്മാനങ്ങൾ ലഭിക്കാത്തതിനെ സംബന്ധിച്ചുള്ള പരാതികളും വ്യാപകമാകുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ നിന്നു തന്നെ ഇങ്ങനെയൊരു പരാതി വന്നു. ഞാൻ ലോട്ടറി ഡയറക്ടറുമായി ബന്ധപ്പെട്ടപ്പോൾ ആറു മാസത്തിനിടയിൽ 12 പരാതികൾ ഇതു സംബന്ധിച്ച് ഉണ്ടായിട്ടുണ്ട് എന്നു പറഞ്ഞു. ഇതിനു എന്തെങ്കിലും ചെയ്യണ്ടേ എന്നു അവരോടു ചോദിച്ചപ്പോൾ ഇതു സൈബർ ക്രൈമുകളുടെ വകഭേദങ്ങളിൽ വരുന്നതാണെന്നും സൈബർ ക്രൈമുകൾ സമ്പൂർണ്ണമായി നിയന്ത്രിക്കുന്നതിനു കഴിഞ്ഞിട്ടില്ല എന്നും അവർ അറിയിക്കുകയുണ്ടായി. ഐ. ടി. വിദഗ്ദ്ധൻമാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും ഉണ്ടാക്കിയതിനുശേഷം മാത്രമേ ഇത്തരം ലോട്ടറികൾക്ക് യഥാർത്ഥത്തിൽ അനുമതി കൊടുക്കാൻ പാടുള്ളൂ. ഗവൺമെന്റ് യാതൊരു വിധത്തിലുള്ള നിയന്ത്രണങ്ങളും ഏർപ്പെടുത്താതെ ഇരിക്കുന്നതുകൊണ്ട് ഒരുപാടു പേർക്കു സാമ്പത്തിക നഷ്ടവും മാനഹാനിയും ഉണ്ടാകുന്നുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഓൺലൈൻ ലോട്ടറിക്ക് കമ്പ്യൂട്ടറും ഐ. ടി.യുമൊക്കെ ആവശ്യമാണ്. ഭാവിയിലും അതങ്ങനെയേ സാധിക്കുകയുള്ളൂ. പരാതിയുണ്ടെങ്കിൽ നമുക്ക് അപ്പോൾ പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ : സർ, ഓൺലൈൻ ലോട്ടറി വരുന്നതോടുകൂടി കേരളത്തിൽ രണ്ടു ലക്ഷത്തോളം വരുന്ന ലോട്ടറി വിൽപ്പനക്കാർക്ക് തൊഴിൽ നഷ്ടപ്പെടും. അവർക്ക് വല്ല ആശ്വാസ നടപടികളും കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇക്കാര്യം പരിഗണിക്കാമെന്നു പറഞ്ഞല്ലോ.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ലോട്ടറി വിറ്റു ജീവിക്കുന്ന ആളുകളുടെ കൂട്ടത്തിൽ ഒരു തൊഴിലും എടുക്കാൻ കഴിയാത്ത വികലാംഗരും അന്ധൻമാരും ഉണ്ട്. അവർ ഇതുകൊണ്ടാണ് കഴിയുന്നത്. ഓൺലൈൻ ലോട്ടറി വരുമ്പോൾ അതു ഇവരുടെ തൊഴിലിനേയും ബാധിക്കും. അതുകൊണ്ട് അവർക്ക് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കുമോ ?

മി. സ്പീക്കർ : ഇതു ശ്രീ. ബാലൻ ചോദിച്ച ചോദ്യമാണ്. (മന്ത്രി മറുപടി പറഞ്ഞില്ല.)

ശ്രീ. അടൂർ പ്രകാശ് : സർ, ഓൺലൈൻ ലോട്ടറി നമ്മുടെ സംസ്ഥാനത്തു നടപ്പാക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇതു നടപ്പാക്കുമ്പോൾ പേപ്പർ ലോട്ടറിക്ക് ധാരാളം ഇടിവുണ്ടാകും. ഇപ്പോൾ തന്നെ ഇടിവുണ്ട്. പേപ്പർ ലോട്ടറിയെ അതിന്റെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി, ആയിരക്കണക്കിന് ആളുകൾ ഇതുമായി ബന്ധപ്പെട്ടു ഉപജീവനം കഴിക്കുന്നതുകൊണ്ട്, അവരെ രക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. അതിൽ വരുന്ന കുറവു നികത്താൻ വേണ്ടിയാണ് പുതിയ ലോട്ടറികളുടെ നമ്പറുകൾ കൂടുതലായി തുടങ്ങാൻ തീരുമാനിച്ചത്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അന്യസംസ്ഥാനങ്ങളിലെ ലോട്ടറി നമ്മുടെ സംസ്ഥാനത്തു വിൽക്കുമ്പോൾ ഏജന്റുമാർ ഒരു ശതമാനം വിൽപ്പന നികുതി അടയ്ക്കണമെന്നു വ്യവസ്ഥയുണ്ട്. എന്നാൽ കേരളത്തിൽ നടത്തുന്ന ഓൺലൈൻ ലോട്ടറിക്ക് അതു ബാധകമാക്കിയിട്ടുമില്ല. ഇതു ബാധകമാക്കാത്തത് എന്തു കൊണ്ടാണെന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഓൺലൈൻ ലോട്ടറിയുടെ കാര്യത്തിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. ഓൺലൈൻ ലോട്ടറിക്കാരുടെ ഔട്ട്ലെറ്റുകളൊക്കെ പ്രവർത്തിക്കുന്നു. നമുക്ക് ഇതിൽ നിന്നും 66 ലക്ഷം രൂപയുടെ വരുമാനം കിട്ടിയിട്ടുള്ളതായി കണക്കുകൾ കാണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ലോട്ടറിയുടെ വിപണനം സർക്കാർ ഉദ്യോഗസ്ഥൻമാരുടെ മേൽ വിനിയോഗിക്കില്ല എന്നും നിലവിലുള്ള ലോട്ടറി സാമൂഹ്യ ക്ഷേമ പരിപാടികൾക്കു വേണ്ടി നടപ്പിലാക്കുമ്പോൾ അതിൽ സാമൂഹ്യ സംഘടനകൾക്ക് പ്രാമുഖ്യം നൽകുമോ എന്നും വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, സാമൂഹ്യ സംഘടനകൾക്ക് പ്രാമുഖ്യം നൽകും. ഗവൺമെന്റിനു കിട്ടുന്ന ലാഭം മുഴുവനും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും ഗവൺമെന്റിന്റെ ചെലവുകൾക്കും വേണ്ടിയാണ് ഉപയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ലോട്ടറിയിൽ കേരളമാണ് ഇന്ത്യയ്ക്ക് മാതൃക. ഓൺലൈൻ ലോട്ടറി മറ്റുള്ള സ്റ്റേറ്റുകളിൽ തുടങ്ങിയിട്ടും കേരളത്തിൽ തുടങ്ങാൻ വൈകുന്നതിന്റെ കാരണം എന്താണ് ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, വേഗം തുടങ്ങണമെന്നുള്ള അഭിപ്രായമാണ് ബഹുമാനപ്പെട്ട മെമ്പർക്കുള്ളത്. ഇതുവരെ തുടങ്ങിയിട്ടില്ല. വേഗം തുടങ്ങാനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകും.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, 18-6-2003-ൽ നൽകിയിട്ടുള്ള ഒരു ഉത്തരത്തിൽ 2000-01 വർഷത്തിൽ 26 കോടി 79 ലക്ഷം രൂപ ലാഭവും 2001-02-ൽ 1 കോടി 77 ലക്ഷം രൂപ ലാഭവും കിട്ടി എന്നു പറയുകയുണ്ടായി. 2003-ൽ അതു 13 കോടി 40 ലക്ഷം രൂപയായി. 2001-02-ൽ കുത്തനെയുള്ള ഒരു ഇടിവാണ് ഉണ്ടായിരിക്കുന്നത്. അതിനു കാരണം എന്താണ് ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ഇതിൽ കുത്തനെയുള്ള ഒരു ഇടിവു വന്നിട്ടുണ്ട്. അതിനു പറയുന്ന കാരണം 1999-2000, 2000-2001 കാലഘട്ടങ്ങളിൽ ഇതിന്റെ പ്രൈസ് മണി കൊടുക്കാൻ വളരെ കാലതാമസം വന്നു. ഈയിടെയാണ് അതു കൊടുത്തത്. അതുകൊണ്ട് കുറച്ചു കുറവു വന്നിട്ടുണ്ട്. ഓൺലൈൻ ലോട്ടറിയുടെ കാര്യത്തിലും കുറച്ച് കുറവു വന്നിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ലോട്ടറി വഴി സംസ്ഥാനത്തിനു ലഭ്യമാകുന്ന വരുമാനം വലിയ തോതിൽ കുറയുകയാണ്. ലോട്ടറി രംഗത്ത് ഇപ്പോൾ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റം, സ്വകാര്യ കുത്തകകളുടെ താല്പര്യം പരിരക്ഷിക്കുന്ന നിലയിലേയ്ക്കാണ് പോകുന്നത്. അതുകൊണ്ട് സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിനു എന്തു നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇവിടെ കുത്തകയുടെ പ്രശ്നമൊന്നും വരാൻ പോകുന്നില്ല. പേപ്പർ ലോട്ടറിയുടെ വരുമാനം കൂട്ടാൻ വേണ്ടി ശ്രമിക്കുന്നുണ്ട്. ഓൺ ലൈൻ ലോട്ടറി നടപ്പിലാക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന് 1.00 കോടി രൂപയുടെ വരുമാനമെങ്കിലും ഒരു വർഷം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ലൂഡി ലൂയിസ് : സർ, സാധാരണക്കാരായ ആയിരക്കണക്കിനാളുകളുടെ ഉപജീവനമാർഗ്ഗമാണ് ലോട്ടറി വിൽപ്പന. ലോട്ടറി വൽപ്പന നടത്തുന്ന ഏജൻസികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇനി കമ്മീഷൻ വർദ്ധിപ്പിക്കുകയില്ല.

ശ്രീ. ബിനോയ് വിശ്വം : സർ, ബഹുമാനപ്പെട്ട മന്ത്രി രണ്ടുപ്രാവശ്യം മറുപടി പറഞ്ഞപ്പോഴും നിലപാട് മാറ്റിയാണ് പറഞ്ഞത്. അദ്ദേഹം ആദ്യം പറഞ്ഞു പേപ്പർ ലോട്ടറിയേയുള്ളൂ ഓൺലൈൻ ലോട്ടറിയുടെ നിരോധനം ഇല്ലെന്ന്. ഇടയ്ക്ക് പറഞ്ഞു ടെന്റർ വിളിച്ചിട്ട് ഗവൺമെന്റ് നടത്തുമെന്ന്. ഇതിൽ ഏതാണ്

LIBRARY ARCHIVES Kerala Legislative Assembly

ശരിയെന്ന് എനിക്കുറപ്പില്ല. എന്തായാലും ഇത് ഒരു സ്റ്റേറ്റ് സ്പോൺസേർഡ് ചൂതുകളിപോലെയാണ്. സ്പോൺസേർഡ് ചൂതുകളിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെക്കുറിച്ചുള്ള ഒരു പഠനമുണ്ടായിട്ടില്ല. 26 കോടി രൂപയിൽ നിന്നും 13 കോടി രൂപയായി വരുമാനം കുറഞ്ഞിട്ടു പോലും യാതൊരു പഠനവും കൂടാതെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയേയും രണ്ടേകാൽ ലക്ഷത്തോളം ആൾക്കാരുടെ ജീവിതത്തേയും തകർത്തിട്ട് പോകുന്ന ഈ പോക്കിനുമുമ്പിൽ ഗവൺമെന്റ് അലംഭാവം കാണിക്കാൻ പാടില്ല. ഇതിനുവേണ്ടി ഉചിതമായ ഒരു സംഘത്തെ നിയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

<u>ശ്രീ. കെ. ശങ്കരനാരായണൻ</u> : സർ, ഒരു സമീപനത്തിലുള്ള വ്യത്യാസമാണ്. സമീപനത്തിലുള്ള വ്യത്യാസത്തെ അംഗീകരിക്കുന്നില്ല. ദീർഘകാലമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പേപ്പർ ലോട്ടറി, അതിൽ വരുന്ന നഷ്ടം, ആ രംഗത്തുള്ള ഒരൊറ്റ ആളേയും മാറ്റാൻ തീരുമാനിച്ചിട്ടില്ല. അവർക്ക് തൊഴിൽ കൊടുക്കുവാനും കുറെക്കൂടി വരുമാനമുണ്ടാക്കാനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

<u>ശ്രീ. എൻ. ശക്തൻ</u> : സർ, ലോട്ടറിയിൽ സമ്മാനമടിച്ചതിനുശേഷം പണം കൈപ്പറ്റാതെയുള്ള ധാരാളം കേസുകളുണ്ട്. ഒരുപക്ഷെ സ്ഥലത്തില്ലാത്തവർ; സമ്മാനം ലഭിച്ച വിവരം അറിയാത്തവർ ടിക്കറ്റെടുത്തതിനുശേഷം മരിച്ചുപോയവർ; അങ്ങനെയുള്ളവരുടെ പണം ഗവൺമെന്റിന്റെ ഖജനാവിൽ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ശ്രീ. കെ. ശങ്കരനാരായണൻ</u> : സർ, അതിന് പ്രത്യേക നോട്ടീസ് വേണം.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, സർക്കാർ തന്നെ ലോട്ടറി കച്ചവടം നേരിട്ട് നടത്തിയ സംഭവമാണ് കഴിഞ്ഞയിടെ ഉണ്ടായിട്ടുള്ളത്. സർക്കാർ ആഫീസുകളിൽ നിന്നും ജീവനക്കാർ ഓടിയകലുന്ന ഒരു സ്ഥിതിയുണ്ടായി. ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള കച്ചവടത്തിൽ സർക്കാരിന് എന്തുനേട്ടമാണുണ്ടായത്, ഇനിയും ഇത്തരം പരിപാടികൾ സർക്കാർ ആഫീസുകളിൽ നടപ്പാക്കാൻ ആഗ്രഹിക്കുന്നുണ്ടോ ?

<u>ശ്രീ. കെ. ശങ്കരനാരായണൻ</u> : സർ, അക്ഷയ ലോട്ടറിയെക്കുറിച്ചായിരിക്കും ഇവിടെ ചോദിച്ചത്. അക്ഷയ ലോട്ടറി നടത്തിയതിൽ അഞ്ചു കോടി രൂപയോളം ലാഭം കിട്ടിയിട്ടുണ്ട്. ചീഫ് മിനിസ്റ്ററുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്കു വേണ്ടിയാണെന്നു പറഞ്ഞുതന്നെയാണ് ആ ലോട്ടറി വിൽപ്പന നടത്തിയത്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സർ, നമ്മൾ ഇപ്പോൾ നടത്തി വരുന്ന ലോട്ടറിയിൽ വലിയ ഒരു വിശ്വാസ്യത നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരുപാട് തൊഴിലാളികൾ ഇതുകൊണ്ട് ജീവിക്കുകയും ചെയ്യുന്നുണ്ട്. ആ വിശ്വാസ്യത നിലനിർത്തിക്കൊണ്ട് നമ്മുടെ സമ്പദ്ഘടനയിൽ വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇപ്പോൾ ഓൺലൈൻ ലോട്ടറിയെ സംബന്ധിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഓൺലൈൻ ലോട്ടറി തുടങ്ങിയ സമയത്ത് വളരെ ആകർഷകമായിരുന്നു. അതിന്റെ നമ്പർ എടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

ആദ്യം ഒരാഴ്ചയ്ക്കുള്ളിൽ റിസൽറ്റ് വരുമായിരുന്നു. അത് പിന്നീട് ഒരു നമ്പറെടുത്താൽ റിസൽറ്റ് രണ്ട് ദിവസത്തിനകമറിയാൻ സാധിക്കുമായിരുന്നു. പിന്നീട് ഒരു മണിക്കൂർ കഴിഞ്ഞാൽ റിസൽറ്റ് വരുമായിരുന്നു. ഇപ്പോൾ ഏറ്റവും ഒടുവിലായി ഒരു നമ്പറെടുത്താൽ അര മണിക്കൂറിനുള്ളിൽ റിസൽറ്റ് അറിയുന്നുണ്ട്. അങ്ങനെ ഇതെടുക്കുന്നത് ഒരു സ്ഥിരം പരിപാടിയായി മാറിക്കൊണ്ടിരിക്കുകയും ആളുകൾ ഒരു ജോലിക്കും പോകാതെ അലസരായി മാറിക്കൊണ്ടിരിക്കുകയുമാണ്. ഈ അപകടകരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് പഠിച്ച് നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ മറുപടി എന്താ പറയുക!

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, നമ്മുടെ സംസ്ഥാനത്തു നിന്നുള്ള ലോട്ടറി അന്യസംസ്ഥാനങ്ങളിലേയ്ക്ക് എത്ര വിൽപ്പന നടത്തുന്നുവെന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലോട്ടറി നമ്മുടെ സംസ്ഥാനത്ത് എത്ര വിൽപ്പന നടത്തുന്നുണ്ടെന്നുമുള്ള കണക്ക് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അതിന് പ്രത്യേക നോട്ടീസ് വേണം.

കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്കാരങ്ങൾ

2 (*212) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. തോമസ് ഐസക് :
ശ്രീ. സാജു പോൾ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയത് എന്നുമുതലാണ് ;

(ബി) പ്രസ്തുത പരിഷ്ക്കാരങ്ങൾ ഏതെല്ലാം മേഖലകളിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സാമ്പത്തികരംഗത്ത് നിയന്ത്രണങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്രം എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) കേന്ദ്രനിർദ്ദേശം നടപ്പാക്കുന്നതിന് കേന്ദ്രത്തിൽനിന്നും പ്രത്യേക സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനകം ലഭിച്ച ധനസഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly